'ഭരണഭാഷ-മാതൃഭാഷ'

തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ നടപടിക്രമങ്ങൾ
(നിലവിൽ: പി.കെ. സതീശൻ)

*വിഷയം:-* പൊതുമരാമത്ത് വകുപ്പ്- ജീവനക്കാര്യം-ലൈൻമാൻ തസ്തികയിൽ നിന്നും സെക്കന്റ് ഗ്രേഡ് ഓവർസിയർ (ഇലക്ട്രിക്കൽ) ആയി സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

*പരാമർശം:-* 1. ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 18.05.2015, 31.03.2016 തീയതികളിലെ എസ്.സി3/8454/13-ാം നമ്പർ ഉത്തരവ്
2. 29.12.2015, 30.01.2016 തീയതികളിലെ ഇസി1-23016/2014-ാം നമ്പർ ഉത്തരവ്
3. ചീഫ് ഇലക്ടറൽ ഓഫീസർ കേരളയുടെ 23.03.2016 ലെ 1080(676) ഇ.എൽ4/2016/ഇലക്ഷൻ

ഉത്തരവ് നം. ഇസി1-9486/2015 തീയതി 06.04.2016

പരാമർശം (1) ലെ ഉത്തരവ് പ്രകാരം 02.03.1997 മുതൽ 31.12.2007 വരെയുള്ള ലൈൻമാൻമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് സർക്കാർ നിർദ്ദേശമനുസരിച്ച് പുതുക്കി പ്രസിദ്ധീകരിച്ചിരുന്നു. സ.ഉ(സാധാ) 515/2014/പൊ.മ.വ തീയതി 08.04.2014-ാം നമ്പർ ഉത്തരവ് പ്രകാരം 2-ാം ഗ്രേഡ് ഓവർസിയർമാരുടെ കേഡർ സംഖ്യ 106 എണ്ണം എന്ന് സർക്കാർ നിശ്ചയിച്ചു. ഇതിൽ 50% പ്രൊമോഷൻ വഴി നികത്തത്തേണ്ടവയാണ്. അതുപ്രകാരം പ്രൊമോഷൻ ക്വാട്ടയിൽ നിലവിലുള്ള 7 ഒഴിവുകളിലേക്ക് സൂചനയിലെ സീനിയോറിറ്റി ലിസ്റ്റിലുള്ള ഏറ്റവും സീനിയർമാരായ 7 പേർക്ക് പ്രൊമോഷൻ നൽകാൻ കഴിയും.

അതിൻ പ്രകാരം താഴെ പേര് ചേർത്തിരിക്കുന്ന ലൈൻമാൻമാരെ ഒ.എ 243/2015-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമവിധിക്കും, ഒ.എ 1362/2015 ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ നൽകുന്ന നിർദ്ദേശത്തിന്/ഉത്തരവിന് വിധേയമായി കെ.എസ് & എസ്.എസ്.ആർ റൂൾ 31 പ്രകാരം താല്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി 2-ാം ഗ്രേഡ് ഓവർസിയർമാരായി 11620-20240 എന്ന ശമ്പളസ്കെയിലിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ഓഫീസ് അഡ്രസ്സും | റാങ്ക് നമ്പർ | നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | റെജി.പി.പി എം.വി.ഐ.പി, ഇലക്ട്രിക്കൽ സെക്ഷൻ, മൂവാറ്റുപുഴ | 4 | ഇലക്ട്രിക്കൽ സെക്ഷൻ, മൂവാറ്റുപുഴ(ഓപ്പൺ) |
| 2 | അനിൽകുമാർ.പികെ, ഇലക്ട്രിക്കൽ സെക്ഷൻ, തൊടുപുഴ | 5 | ഇലക്ട്രിക്കൽ സെക്ഷൻ, തൊടുപുഴ (ഓപ്പൺ) |
| 3 | ബാലചന്ദ്രൻ.സി.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുടപ്പനകുന്ന്, തിരുവനന്തപുരം. | 6 | കെ.എൽ.സി സെക്ഷൻ-I തിരുവനന്തപുരം (ഓപ്പൺ) (ഫോർമാൻ) |
| 4 | അഖിലകുമാർ.ആർ ഇലക്ട്രിക്കൽ സൗത്ത് സെക്ഷൻ, തിരുവനന്തപുരം | 7 | ഇലക്ട്രിക്കൽ സെക്ഷൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം (ഓപ്പൺ) (പ്രിൻസിപ്പിളിന്റെ കീഴിൽ) |
| 5 | ഷിബു.ബി, ഇലക്ട്രിക്കൽ സെക്ഷൻ, പൈനാവ് | 10 | ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പൈനാവ് (ഓപ്പൺ) |
| 6 | തോമസ്. എം.വി, ഇലക്ട്രിക്കൽ സെക്ഷൻ, പത്തനംതിട്ട | 10(എ) | ഇലക്ട്രിക്കൽ സെക്ഷൻ തിരുവല്ല (ഓപ്പൺ) |
| 7 | വിനോദ്കുമാർ.സി ഇലക്ട്രിക്കൽ സെക്ഷൻ III, കോഴിക്കോട് | 11 | മെഡിക്കൽ കോളേജ്, കോഴിക്കോട് (ഓപ്പൺ) |

(മറുപുറം)

ഇവരുടെ ഉദ്യോഗക്കയറ്റം സ്ഥിരീകരിക്കുന്ന തീയതി മുതലുള്ള രണ്ട് വർഷത്തിനുള്ളിലെ ഒരു വർഷത്തെ നിരീക്ഷകാലം പൂർത്തിയാക്കേണ്ടതുണ്ട്. സ്ഥിരീകരണ തീയതി മുതൽ മാത്രമേ 2–ാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ സീനിയോറിറ്റിക്ക് അർഹതയുള്ളൂ.

കൂടാതെ പരാമർശം (1) ലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ. സുബുകുമാർ.എസ്(2), ശ്രീ.ബിജുമോൻ.സി(3), ശ്രീമതി. ചിത്രാബാനു.ഡി(8), ശ്രീ. പുരുഷോത്തമൻ. ടി.പി(9) തുടങ്ങിയ ലൈൻമാൻമാരെ, ഇവർ അന്തർ ജില്ലാ സ്ഥലംമാറ്റം സ്വീകരിച്ചിട്ടുള്ളവരാണ് എന്ന പരാതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഇവരെ പ്രൊമോഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇപ്പോൾ പ്രൊമോഷൻ ലഭിച്ചവരെ ഉടൻ പ്രാബല്യത്തോടെ വിടുതൽ നൽകേണ്ടതും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവ്വഹിക്കേണ്ടതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

വ്യക്തികൾക്ക് (വെബ്സൈറ്റ് മുഖാന്തിരം)
ബന്ധപ്പെട്ട നിയന്ത്രണാധികാരികൾക്ക് (സൈറ്റ് മുഖാന്തിരം)

പകർപ്പ്:-അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയോറിറ്റി സെൽ

ഉത്തരവിൻ പ്രകാരം

ജോസ് മാത്യൂസ്
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ജനറൽ)

എഫ്.സി.8–എൻ.എസ്